LIBRARY ARCHIVES Kerala Legislative Assembly

മാവേലി സ്റ്റോറിലെ വിലയ്ക്ക് റേഷൻ സാധനങ്ങൾ

36 [3380] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പരിഗണിച്ച് കൂടുതൽ റേഷൻ കടകകൾവഴി മാവേലി സ്റ്റോറിൽ ലഭിക്കുന്ന വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പരിഗണിച്ച് കൂടുതൽ റേഷൻ കടകളെ ശബരി സ്റ്റോഴ്സ് ആയി തെരഞ്ഞെടുത്ത് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 1500 റേഷൻ കടകൾ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടുതൽ റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പർസസ് ആന്റ് സ്പൈസസ് വാങ്ങിയതിലെ ക്രമക്കേടുകൾ

37 [3381] ശ്രീ. എ. കെ ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2003-04 കാലത്ത് പൾസ് ആന്റ് സ്പൈസസ് വാങ്ങുന്നതിലെ അഴിമതി മൂലം എത്രകോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 14.52 കോടി രൂപ

(ബി) ഇതിനെ സംബന്ധിച്ച് കേരള സർക്കാരിന്റെ ധനകാര്യ വകുപ്പും അക്കൗണ്ടന്റ് ജനറലും വിശദമായ അന്വേഷണം നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

2005 ജനുവരിയിൽ വാങ്ങിയ ചെറുപയറിനെ സംബന്ധിച്ചുള്ള പരാതി

38 [3382] ശ്രീ. എ. കെ ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജനുവരിയിൽ സപ്ലൈ ചെയ്തത് 4 എം. എം. ചെറുപയർ അല്ലെന്നും 60,000 രൂപ വിലക്കുറവുള്ള 2 എം. എം. ആന്റ് 3 എം. എം. ചെറുപയർ ആണെന്നും സാമ്പിൾ എടുത്ത് പരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ;